പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3074 | 21/6/2013 ൽ മറുപടിയ്ക്ക്

## നെൽകൃഷിഭൂമി സംരക്ഷിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ആയതിനുള്ള കാരണങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. എന്നാൽ എല്ലാ കൃഷിഭവനുകളിലും ആയതിനുള്ള കാരണങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക സന്തുലനം നിലനിർത്തുന്നതിന് കൃഷിഭൂമിയെ സംരക്ഷിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | പാരിസ്ഥിതിക സന്തുലനം നിലനിർത്തുന്നതിന് നെൽവയലുകൾ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനായി നെൽവയൽ സംരക്ഷണ ആക്ട് 2008 ൽ നിലവിൽ വരുകയും വയൽ മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടുന്നത് ക്രമീകരിക്കുന്നതിനും ഒരു പരിധി വരെ തടയാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. നെൽപ്പാടങ്ങളിൽ നെൽകർഷകർക്ക് സബ്സിഡി നൽകി വിവിധ നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കഴിഞ്ഞ 2012-13 വർഷം 1005 ഹെക്ടറിൽ തരിശുനിലം ഏറ്റെടുത്ത് കരാർ അടിസ്ഥാനത്തിൽ |

നെൽകൃഷി ചെയ്യുകയുണ്ടായി. പൊക്കാളി പാടശേഖരങ്ങളിൽ നെൽകൃഷി കഴിഞ്ഞാലുടൻ മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ പാരിസ്ഥിതിക സന്തുലനം നില നിർത്തി കൃഷിഭൂമിയെ സംരക്ഷിക്കാൻ മാർഗ്ഗങ്ങൾ അവലംബിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**